# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1467

11.08.2017 ലെ മറുപടിക്ക്

## വീട്ടുനമ്പർ കിട്ടാത്തവരുടെ ബുദ്ധിമുട്ട്

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.ഡി.പ്രസേനൻ** | **ശ്രീ.കെ.റ്റി.ജലീൽ**<br>(ബഹു: തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) വീട്ടുനമ്പർ ലഭിയ്ക്കാതെ നിരവധി പേർ ബുദ്ധിമുട്ട് അനുഭവിയ്ക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഇങ്ങനെയുള്ളവർക്ക് വീട്ടുനമ്പർ അടിയന്തിരമായി ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ? | (എ) യും (ബി) യും നിലം /നഞ്ച വിഭാഗത്തിൽപെട്ട സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ ലഭിക്കാതെ ബുദ്ധിമുട്ട് അനുഭവിയ്ക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നിയമാനുസൃതമായ രീതിയിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കി രേഖകൾ സഹിതം അപേക്ഷിക്കുന്നവർക്ക് നിശ്ചിതസമയ പരിധിക്കുള്ളിൽ കെട്ടിട നമ്പർ നൽകുന്നുണ്ട്.സർക്കാരിന്റെ 16/11/2016 ലെ സ.ഉ(എം.എസ്) നം.170/2016/തസ്വഭവ ഉത്തരവ് പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചിട്ടുള്ള 1500 ചതുരശ്ര അടിവരെയുള്ള വാസഗൃഹങ്ങൾക്ക് താത്കാലിക നമ്പർ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ